# Rehabilitation Plantations Limited

(A Joint Venture of Govt. of India & Govt. of Kerala)

CIN - U01119KL1976SGC002799

Regd. Office : PUNALUR- 691 305, KOLLAM DIST., KERALA, INDIA

An ISO 9001 & 14001 Certified Company


## മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം, ആർ.പി. ലിമിറ്റഡ്, പുനലൂർ

വിഷയം: ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി 2018 വർഷത്തേക്കുള്ള പദ്ധതി പുതുക്കൽ- സംബന്ധിച്ച്.

പരാമർശം: 1. 19.11.2015 തീയതിയിലെ സ. ഉ. (പി) നം. 526/2015/ധന.

2. 30.09.2016 തീയതിയിലെ സ. ഉ. (പി) നം. 144/2016/ധന.

3. 21.10.2017 തീയതിയിലെ സ. ഉ. (അച്ചടി) നം. 133/2017/ധന.

ഓർഡർ നമ്പർ. ആർ.പി.എൽ/പി.ഡി./എഫ് - 4098/2010/ തീയതി. 07.11.2017

2011-ാം വർഷം മുതൽ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴിയുള്ള ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയിൽ കമ്പനിയിലെ ജീവനക്കാർ അംഗങ്ങളാണ്. 2017-ൽ പുതുക്കിയ ഈ പദ്ധതിയുടെ കാലാവധി 31.12.2017-ൽ പൂർത്തിയാകുന്നതുമാണ്. കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ ശുപാർശ പ്രകാരം സർക്കാർ 21.10.2017-ൽ നിലവിലുള്ള വ്യവസ്ഥകൾക്കു പുറമെ താഴെപ്പറയുന്ന ഭേദഗതികൾ കൂടി ഉൾപ്പെടുത്തി ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി (GPAIS) 01.01.2018 മുതൽ 31.12.2018 വരെ പുതുക്കി നടപ്പാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

1. നിലവിലെ ചട്ടങ്ങളുടെ/ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പദ്ധതിയിൽ ചേരാൻ യോഗ്യരായ കെ. എസ്. ഇ. ബി. ജീവനക്കാർ, കെ. എസ്. ആർ. ടി. സി. ജീവനക്കാർ എന്നിവരുടെ വാർഷിക പ്രീമിയം തുക സർവീസ് ടാക്സ് ഉൾപ്പെടെ യഥാക്രമം 850 രൂപ, 550 രൂപ എന്ന ക്രമത്തിലും കേരള സർവ്വീസ് ചട്ടത്തിന്റെ പരിധിയിൽ വരുന്നതും എസ്. എൽ. ഐ./ ജി. ഐ. എസ് എന്നിവ ഒടുക്കി വരുന്നവരുമായ മറ്റ് ജീവനക്കാരുടെ വാർഷിക പ്രീമിയം തുക സർവ്വീസ് ടാക്സ് ഉൾപ്പെടെ **400രൂപ** എന്ന ക്രമത്തിലും തുടരുന്നതാണ് .
2. വാഗ്ദത്ത തുക 10 ലക്ഷം രൂപയായി തുടരുന്നതാണ്.
3. അപകട തീയതി മുതൽ ഒരു വർഷം വരെയുള്ള കാലയളവിൽ ഇൻഷ്വറൻസ് ഡയറക്ടർക്ക് മുമ്പാകെ റിപ്പോർട്ട് ചെയ്യുന്ന ക്ലെയിമുകൾ ഇൻഷ്വറൻസ് ഡയറക്ടർക്ക് തന്നെ തീർപ്പാക്കാവുന്നതാണ്.
4. ജീവനക്കാരുടെ പ്രീമിയം തുക അതാത് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കിഴിവ് നടത്തിയിട്ടും കാലാവധിക്കുള്ളിൽ ട്രഷറിയിൽ ഒടുക്കാത്ത പക്ഷം ഏതെങ്കിലും തരത്തിലുള്ള ക്ലെയിം ഉണ്ടായാൽ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ (ഡി.ഡി.ഒ-യു ബില്ല് തയ്യാറാക്കി ട്രഷറിയിൽ തുക അടക്കാൻ ചുമതലപ്പെട്ടവർ) വീഴ്ചയായി കണക്കാക്കുന്നതാണ്.




Telephone : Office 0475-2222371, 2222372, 2222373, M.D.: 2222210, Telegram : "Rehab", Fax : 0475 -2223866

E-mail : mdrplpunalur@gmail.com, mdrpl@sancharnet.in, website: www.rplkerala.com

5. എല്ലാ ജീവനക്കാരും നോമിനേഷൻ കൃത്യമായി സമർപ്പിച്ചിട്ടുണ്ടെന്ന് വകുപ്പ് തലവന്മാർ ഉറപ്പാക്കേണ്ടതാണ്.
6. 2018 വർഷത്തേക്കുള്ള പ്രീമിയം 2017 നവംബർ മാസത്തെ ശമ്പളത്തിൽ നിന്ന് കിഴിവ് ചെയ്ത് ഡിസംബർ 31-നുള്ളിൽ **"8658-102-88-*suspense account-GPAI Fund*"** എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ശൂന്യ വേതനാവധിയിലുള്ളവർ, അന്യത്ര സേവനത്തിലുള്ളവർ, മറ്റ് ഏതെങ്കിലും രീതിയിൽ അവധിയിലുള്ളവർ, പേ സ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റെന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നിവർ ഡിസംബർ 31-നകം പ്രീമിയം നേരിട്ട് ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ഈ വിഭാഗക്കാരുടെ ഇൻഷ്വറൻസ് പ്രീമിയം യഥാസമയം ട്രഷറിയിൽ ഒടുക്കിയില്ലെങ്കിൽ ഇവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതല്ല. ഇൻഷ്വറൻസ് പരിരക്ഷ ആഗ്രഹിക്കുന്ന ജീവനക്കാർ അവരുടെ ഇൻഷ്വറൻസ് പ്രീമിയം യഥാസമയം ഒടുക്കിയെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ആയതിനാൽ എസ്റ്റേറ്റ്/ഫാക്ടറി മാനേജർമാർ അവരുടെ കീഴിൽ വരുന്ന തൊഴിലാളികളുടേയും, ഫിനാൻസ് മാനേജർ മറ്റ് ജീവനക്കാരുടേയും, ഉദ്യോഗസ്ഥൻമാരുടേയും നവംബർ 2017-ലെ ശമ്പളത്തിൽ നിന്നും പ്രീമിയം തുകയായ **400 രൂപ** കിഴിവ് ചെയ്യുകയും, നവംബർ മാസം പ്രീമിയം അടക്കുവാനുള്ള ശമ്പളം ഇല്ലാത്ത ജീവനക്കാരുടെ പ്രീമിയം തുക കമ്പനി അടക്കേണ്ടതും ആയത് അടുത്ത ശമ്പളത്തിൽ നിന്നും ഈടാക്കേണ്ടതുമാണ്. കിഴിവ് ചെയ്ത പ്രീമിയം തുക ഡിസംബർ 31-നുള്ളിൽ ഉപരിഖണ്ഡിക **6**-ൽ സൂചിപ്പിച്ചിരിക്കുന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതുമാണെന്ന് ഇതിനാൽ ഉത്തരവിടുന്നു.

7.11.2017

മാനേജിംഗ് ഡയറക്ടർ

പകർപ്പ്:
1. ഫിനാൻസ് മാനേജർ/മാനേജർ (എസ്റ്റേറ്റ്സ്)/മാനേജർ(ഫാക്ടറി കോംപ്ലക്സ്) – അറിവിലേക്കും, അനന്തര നടപടികൾക്കും വേണ്ടി
2. കമ്പനി സെക്രട്ടറി/ മാനേജർ (പി&എ) – അറിവിലേക്കും, അനന്തര നടപടികൾക്കും വേണ്ടി
3. മാനേജർ(പി &പി) - അറിവിലേക്ക്
4. ഹെഡ് ഓഫീസിലെ ഡെപ്യൂട്ടി മാനേജർമാർ
5. സൂപ്രണ്ട്
6. ഇഡിപി – 21/10/2017 തീയതിയിലെ സ. ഉ (അച്ചടി) നം.133/17/ധന. നമ്പറായ സർക്കാർ ഉത്തരവിന്റെ പകർപ്പ് കമ്പനിയുടെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

\\Permgr\personnel\personal section\establish\RPL-PD-F-4098-2010(GPAIS).docx